Dw A3

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് - ഭൂരഹിതരായ പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകുന്ന ഭൂമി കൈമാറ്റം - നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.13/2022/SCSTD തീയതി,തിരുവനന്തപുരം, 10-03-2022

പരാമർശം:- 1. 03.10.1989 ലെ സ.ഉ.(കൈ) 40/1989/പജപവവിവ

2. വകുപ്പ് ഡയറക്ടറുടെ 25/07/2018, 23/06/2020 തീയതികളിലെ ഡെവ.എ3.1255/2018 നമ്പർ കത്ത്.

DIRECTOR ... MAR 2022 ... Thiruvananthapuram ... CASTE DEVELOPMENT

<u>ഉത്തരവ്</u>

ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം, നിലവിൽ ഭൂമി അനുവദിച്ചു വരുന്നത് പരാമർശം ( 1 ) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് . ടി ഉത്തരവിലെ ഖണ്ഡിക 3.3 അനുസരിച്ച്, " ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം ലഭിക്കുന്ന ഭൂമിയും ഭവനവും വിൽക്കുന്നതിനോ പണയപ്പെടുത്തുന്നതിനോ വാടകയ്ക്ക് നൽകുന്നതിനോ മറ്റാർക്കെങ്കിലും കൈമാറുന്നതിനോ പാടില്ല. എന്നാൽ ഗുണഭോക്താക്കളുടെ കാലശേഷം പ്രാബല്യത്തിൽ വരത്തക്ക വിധം നിയമപ്രകാരമുള്ള അനന്തരാവകാശികളിൽ ഒരാൾക്ക് കൈമാറാവുന്നതാണ്."

2. ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ലഭിച്ച വീടും വസ്തുവും വിവിധ ആവശ്യങ്ങൾക്കായി പണയപ്പെടുത്തുന്നതിന് പ്രത്യേക അനുമതി തേടി നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച് പട്ടികജാതി വകുപ്പ് ഡയറക്ടറും പരാമർശം (2) പ്രകാരം വിശദമായ നിർദേശങ്ങളും സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഭൂരഹിതരായ പട്ടികജാതിവിഭാഗക്കാർക്ക്, പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം അനുവദിക്കുന്ന ഭൂമിയെ സംബന്ധിച്ച മാർഗ്ഗനിർദേശങ്ങളടങ്ങുന്ന പരാമർശിത ഉത്തരവിലെ ഖണ്ഡിക 3.3 ചുവടെ ചേർത്തിരിക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമിയും ഭവനവും വിൽക്കുന്നതിനോ പണയപ്പെടുത്തുന്നതിനോ വാടകയ്ക്ക് നൽകുന്നതിനോ മറ്റാർക്കെങ്കിലും കൈമാറുന്നതിനോ പാടില്ലാത്തതാണ്. എന്നാൽ ഭവന നിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ

ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, അർഹരായ ഗുണഭോക്താക്കൾക്ക് വകുപ്പ് മുഖേന ലഭ്യമാക്കുന്ന ഭൂമിയും ഭവനവും പൊതുമേഖലാ/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പ്പയ്ക്കായി പണയപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രണബ്ജ്യോതി നാഥ് ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള , തിരുവനന്തപുരം

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും (പട്ടികജാതി വികസന വകുപ്പ ഡയറക്ടർ മുഖേനെ)

പൊതുഭരണ (എസ് സി) വകുപ്പ് ([illegible])

റവന്യൂ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sheeba S C
Date: 11-03-2022 11:00:23

സെക്ഷൻ ഓഫീസർ